## ക്ഷേത്രത്തിൽ മോഷണം നടത്തിയ ആൾ പിടിയിൽ.

========================================




പൂയപ്പള്ളി: മരുതമൺപള്ളി പുത്താറ്റ് ദേവീക്ഷേത്രത്തിൽ മോഷണം നടത്തിയ ആൾ പിടിയിലായി. അടൂർ പറക്കോട് കള്ളിക്കോട്ട് പടിഞ്ഞാറ്റേതിൽ ദിവാകരൻ മകൻ തുളസീധരൻ (45) ആണ് പിടിയിലായത്. പ്രതിയിൽ നിന്നും CCTV മോണിറ്റർ, സ്വർണ്ണാഭരണങ്ങൾ, വഞ്ചി കുത്തിതുറന്നെടുത്ത പണം എന്നിവ കണ്ടെടുത്തു. കൊട്ടാരക്കരയിൽ ലോഡ്ജിൽ താമസിച്ച് മോഷണം നടത്തി വരുകയായിരുന്നു ഇയാൾ. മരുതമൺപള്ളി പുത്താറ്റ് ദേവീക്ഷേത്രത്തിലെ ഓഫീസും, വഞ്ചിയും കുത്തിത്തുറന്ന് മോഷണം നടത്തിയ ഇയാളെ പിടിക്കുന്നതിനായി ബഹു. ജില്ലാ പോലീസ് മേധാവി ശ്രീ. ഹരിശങ്കർ IPS ന്റെ നിർദ്ദേശ പ്രകാരം കൊട്ടാരക്കര DYSP നാസറുദ്ദീന്റെ മേൽനോട്ടത്തിൽ പ്രത്യേകം

അന്വേഷണ സംഘത്തെ നിയോഗിച്ചിരുന്നു. പൂയപ്പള്ളി SHO വിനോദ് ചന്ദ്രൻ, SI രാജേഷ് കുമാർ, GSI മാരായ ഷാജഹാൻ, ശിവശങ്കരപ്പിള്ള, ASI മാരായ അജയകുമാർ, ആശിഷ് കോഹൂർ, സുരേഷ് വി.വി, ബേബി ജോൺ, SCPO ഷിബു.ഡി, സന്തോഷ് CPO വിനോദ് ബാലകൃഷ്ണൻ എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ കണ്ടെത്തിയത്. ഇയാൾ മുൻപ് കൊട്ടാരക്കര, അടൂർ, പാരിപ്പള്ളി, പുത്തൂർ, തൊടുപുഴ, കാഞ്ഞാർ എന്നീ സ്റ്റേഷൻ പരിധികളിൽ സമാന സ്വഭാവമുള്ള കുറ്റകൃത്യങ്ങൾ ചെയ്തിട്ടുള്ളതായി വെളിവായിട്ടുള്ളതാണ്. കൂടുതൽ അന്വേഷണം നടന്നു വരുന്നു.

**കൊല്ലം റൂറൽ പോലീസ്**